പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1451 | 13.07.2016 ൽ മറുപടി നല്കേണ്ടത്. |
| --- | --- |

**മത്സ്യങ്ങളിലെ അമിത രാസവസ്തു പ്രയോഗം തടയാൻ നടപടി**

| | ചോദ്യം | | ഉത്തരം |
| --- | --- | --- | --- |
| | **ശ്രീ.കെ. കെ. രാമചന്ദ്രൻനായർ** | | ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | കേരളത്തിൽ വിൽക്കുന്ന മത്സ്യങ്ങളിൽ മാരക രാസവസ്തുക്കൾ അമിതമായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഇത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഫോർമാലിൻ, മറ്റ് രാസവസ്തുക്കൾ എന്നിവയുടെ പ്രയോഗംമൂലം ജനങ്ങൾക്ക് ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | ബി) | ഇതു സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടില്ല |
| സി) | ഭക്ഷ്യ വസ്തുക്കളിലെ മായം ചേർക്കലും, മത്സ്യങ്ങളിലെ അമിത രാസവസ്തുക്കളുടെ പ്രയോഗവും തടയുന്നതിനു എന്തൊക്കെ നൂതന മാർഗ്ഗങ്ങൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ; | സി) | ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം ഭക്ഷ്യവസ്തുക്കളിലെ മായം ചേർക്കലും മത്സ്യങ്ങളിലെ അമിത രാസവസ്തുക്കളുടെ പ്രയോഗവും തടയുന്നതിനും പരാതികളുടെയും റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കുകയും കുറ്റക്കാർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| ഡി) | മായം ചേർക്കൽ, രാസവസ്തുക്കളുടെ പ്രയോഗം എന്നിവകണ്ടുപിടിക്കാൻ സ്പോട്ട് ചെക്കിംഗ് ഏർപ്പെടുത്തുവാൻ കഴിയുമോ എന്ന് പരിശോധിക്കുമോ? | ഡി) | മായം ചേർക്കൽ, രാസ വസ്തുക്കളുടെ പ്രയോഗം എന്നിവ കണ്ടുപിടിക്കാൻ ഭക്ഷ്യസുരക്ഷാ വകുപ്പ് സംസ്ഥാനത്ത് രണ്ട് മൊബൈൽ ലബോറട്ടറി യൂണിറ്റുകൾ ആരംഭിക്കുന്നതിന്റെ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ